## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:171 — 04/02/2013 - ൽ മറുപടിക്ക്

### കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോള നീക്കം ചെയ്യുന്നതിനുള്ള ഫിർമ യുടെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ, പോള വാരുന്നതിന് റീ ടെൻഡർ ചെയ്ത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) പ്രവൃത്തി റീ ടെണ്ടർ ചെയ്തത് പ്രകാരം ലഭിച്ച ടെണ്ടറുകൾ വിലയിരുത്തിയശേഷം ടെണ്ടർ വിലയിരുത്തൽ കമ്മിറ്റി തെരഞ്ഞെടുത്ത ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കുകയും, ജോലി ആരംഭിക്കുന്നതിന് ഉത്തരവ് നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പോള വാരുന്നതിനുള്ള ടെൻഡർ റദ്ദ് ചെയ്യുന്നതിനും റീ ടെൻഡർ ചെയ്യുന്നതിനുമുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ; | (ബി) & (സി) ടെണ്ടർ ക്ഷണിച്ചിരുന്നത് ഒരു വർഷത്തേക്ക് പോള വാരുന്നതിനാണ്. പ്രസ്തുത കാലാവധിക്ക് ശേഷവും ജോലി തുടരുന്നത് നിയമാനുസൃതമല്ലാത്തതിനാലാണ് പ്രധാനമായും ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ ചെയ്തിട്ടുള്ളത്. പോളവാരി മാറ്റിയശേഷം 10 കിലോമീറ്റർ വരെ ദൂരത്തിൽ നിക്ഷേപിക്കുന്നതിനാണ് ടെണ്ടർ നൽകിയിരുന്നത്. എന്നാൽ യഥാർത്ഥത്തിൽ വാരിയപോള ജലാശയത്തിന്റെ കരയിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്ത് വന്നിരുന്നത്. അതുപോലെ എത്ര |
| (സി) ഏതെല്ലാം പോരായ്മകൾ കാരണമാണ് ടെൻഡർ റദ്ദ് ചെയ്ത് റീ ടെൻഡർ നടത്തിയത് എന്ന് വിശദമാക്കുമോ? | |

സമയത്തിന് ശേഷമാണ് വാരിയ പോള യുടെ അളവെടുക്കേണ്ടതെന്ന് പഴയ കരാറിൽ സൂചിപ്പിച്ചിരുന്നില്ല. ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നടത്തിപ്പ് കൂടുതൽ സുതാര്യവും, കുറ്റമറ്റതുമാക്കുന്ന തിനാണ് പുതിയ ടെണ്ടർ ക്ഷണിച്ചത്.

സെക്ഷൻ ഓഫീസർ